DESPATCHED
On 24-5-22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561614, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**AP.No.1625 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 14472/SIC-G4/2021)**
**സന്നിഹിതൻ**

**ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മേയ് 19**

| | |
|---|---|
| ശ്രീ. തങ്കച്ചൻ സക്കറിയാസ്,<br>ചാർട്ടേർഡ് അക്കൗണ്ടന്റ്,<br>ഫസ്റ്റ് ഫ്ളോർ, തെക്കുംകാട്ടിൽ ബിൽഡിംഗ്,<br>ജി.എസ്. റോഡ്, കോട്ടയം - 686 001. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അഡീഷണൽ പോലീസ് സൂപ്രണ്ട്,<br>ജില്ലാ പോലീസ് ഓഫീസ്,<br>കോട്ടയം.<br>3. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,<br>ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,<br>കോട്ടയം - 686 002. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 3.2.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ 6.9.2021-ന് ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ കാലതാമസം വരുത്തി 24.10.21-നാണ് തീർപ്പാക്കിയിരുന്നത് എന്നതിനാൽ ടി വീഴ്ചയ്ക്ക് രണ്ടാം എതിർകക്ഷിയുടെ വിശദീകരണം ആവശ്യപ്പെട്ടതിൽ രണ്ടാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ 8.9.2021-നാണ് ടി ഓഫീസിൽ ലഭിച്ചതെന്നും ടി അപേക്ഷയിൽ മറുപടി നൽകേണ്ട സമയപരിധി ആയ 23.10.2021 കഴിഞ്ഞ്, കേവലം ഒരു ദിവസം വൈകി 24.10.2021-നാണ് മറുപടി നൽകാൻ കഴിഞ്ഞതെന്നും ടി അപ്പീൽ അപേക്ഷ ലഭിച്ച കാലയളവിലെ ഓഫീസിലെ പ്രത്യേക സാഹചര്യവും മറ്റും കണക്കിലെടുത്ത് ടി അപ്പീൽ തീർപ്പാക്കുന്നതിനുണ്ടായ ഒരു ദിവസത്തെ കാലതാമസം ബോധപൂർവ്വമല്ലാത്ത വീഴ്ചയായി കണ്ട് മേൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും, ടി ഓഫീസിലെ ജീവനക്കാർക്കിടയിലും, മേലുദ്യോഗസ്ഥർക്കും കോവിഡ്-19 ബാധിച്ചിരുന്നതിനാലും ബന്ധപ്പെട്ട സെക്ഷനിലെ ജീവനക്കാർ കോവിഡ്-19 അനുബന്ധരോഗങ്ങളുമായി ബന്ധപ്പെട്ട് ചികിത്സയിൽ ആയിരുന്നതിനാലും, ഫയൽ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ ഫയൽ കാര്യങ്ങളിൽ വന്ന കാലതാമസത്തിന് ബന്ധപ്പെട്ട ജീവനക്കാരനെതിരെ വകുപ്പുതല

നടപടി നടന്നുവരുന്നതാണെന്നുമാണ്. കമ്മീഷൻ ഇക്കാര്യം പരിശോധിച്ചതിൽ ഒന്നാം അപ്പീൽ 30 ദിവസത്തിനകവും പ്രത്യേക സാഹചര്യത്തിൽ 45 ദിവസത്തിനകവും തീർപ്പാക്കണമെന്നതാണ് വ്യവസ്ഥ. എന്നാൽ ഇക്കാര്യത്തിൽ 45 ദിവസത്തോളം അപ്പീൽ തീർപ്പാക്കാൻ എടുത്തതിന് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച വിശദീകരണം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതെ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന കർശന നിർദ്ദേശം രണ്ടാം എതിർകക്ഷിക്ക് നൽകികൊണ്ട് ഈ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 19-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

Shi